**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (മെഡിക്കൽ & ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ) നടപടിക്രമം**

---

വിഷയം:- ആവഡ-.ജീവനക്കാര്യം - മാനദണ്ഡ അടിസ്ഥാനത്തിലുള്ള പൊതുസ്ഥലംമാറ്റം 2026 - ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ,സ്റ്റോർ സൂപ്രണ്ട് തസ്തിക – പൊതുസ്ഥലംമാറ്റ നടപടികൾ അവസാനിപ്പിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) ഉത്തരവ് (പി) നം. 3/2017/ഉ.ഭ.പ.വ., തീയതി:25/02/2017.
2) സ.ഉ.(സാധാ) നം. 1097/2026/H&FWD, തീയതി, 14/03/2026
3) സർക്കുലർ നം. ഇഎച്ച്1-31371/2025/ആ.വ.ഡ, തീയതി, 13/04/2026
4) ഉത്തരവ് നം. DHS/11507/2026-EE4, തിയതി, 26/05/2026

**ഉത്തരവ് നം:** DHS/11507/2026-EE4 **തീയതി:** 20-06-2026

---

മേൽ പരാമർശം സർക്കാർ ഉത്തരവുകളുടെയും സർക്കുലറിന്റെയും അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിലെ വിവിധ തസ്തികകളിലെ 2026-ലെ പൊതുസ്ഥലംമാറ്റം നടപ്പിലാക്കുന്നതിനായി ഓൺലൈൻ അപേക്ഷകൾ ക്ഷണിച്ചിരുന്നു. എന്നാൽ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അപേക്ഷകൾ ലഭ്യമാകാത്തതിനെ തുടർന്ന് ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ,സ്റ്റോർ സൂപ്രണ്ട് തസ്തികയിലേക്കുള്ള പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട തുടർനടപടികൾ അവസാനിപ്പിച്ച് ഫയൽ താൽക്കാലികമായി സമാപിപ്പിക്കുന്നതിന് തീരുമാനിച്ചുകൊണ്ട് പരാമർശം (4) പ്രകാരം കരട് നടപടിക്രമം പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു.

പരാമർശം (4) പ്രകാരം പ്രസിദ്ധീകരിച്ച കരട് നടപടിക്രമത്തിനെതിരെ ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ, സ്റ്റോർ സൂപ്രണ്ട് തസ്തികയിലുള്ള ഉദ്യോഗസ്ഥരിൽ ചിലർ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു.എന്നാൽ ടി ജീവനക്കാർ ആരും തന്നെ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ 3 വർഷം പൂർത്തിയായിട്ടില്ലാത്തതിനാൽ ഇവരുടെ അപ്പീൽ അപേക്ഷകൾ പരിഗണനാർഹമല്ലെന്ന് കണ്ടെത്തുകയുണ്ടായി.

മേൽ സാഹചര്യത്തിൽ, ആരോഗ്യവകുപ്പിലെ ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ,സ്റ്റോർ സൂപ്രണ്ട് തസ്തികയിലെ ഉദ്യോഗസ്ഥരുടെ 2026ലെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച തുടർ നടപടികൾ അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

Digitally signed by
Sandeep K
Date: 20-06-2026
22:49:39

SANDEEP K
ADDITIONAL DIRECTOR (MEDICAL AND HOSPITAL ADMINISTRATION)

സ്വീകർത്താവ്:-

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ

പകർപ്പ്:-

1) ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക്
2) ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
3) ഫയൽ/കരുതൽ ഫയൽ